## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# സെപ്തംബർ

# 2019




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

## 2019

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക്, കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലേക്ക് മാററുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

17/10/2019 — ഡയറക്ടർ

## ആമുഖം

സാധാരണയിൽ നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് കാര്യമായ വിലക്കയറ്റം ഉണ്ടായില്ല എന്നുള്ളത് സർക്കാരിനെ സംബന്ധിച്ച് വലിയ ഒരു നേട്ടം തന്നെയാണ്. വില നിയന്ത്രണത്തിന് കൃത്യമായ മുന്നൊരുക്കങ്ങളോടെ വിപണിയിൽ ഇടപെട്ടതുകൊണ്ടാണ് വിപരീത പരിതഃസ്ഥിതിയിലും ഓണത്തിന് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു സാധിച്ചത്. സപ്ലൈകോ, ഹോർട്ടികോർപ്പ്, വിവിധ സഹകരണ സംഘങ്ങൾ എന്നിവ വഴി വിലക്കുറവോടെ അവശ്യ സാധനങ്ങൾ ലഭ്യമാക്കിയതാണ് ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു സഹായകരമായത്.

വളരെ അധികം വിപരീത പരിതഃസ്ഥിതിയാണ് ഈ ഓണക്കാലത്തും നിലനിന്നത്. പലതവണയായി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഉണ്ടായ പ്രളയം കേരളത്തെ സംബന്ധിച്ച് വളരെയധികം തിരിച്ചടി തന്നെയാണ്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച സംസ്ഥാനങ്ങൾ എല്ലാം തന്നെ വിവിധ കാർഷിക വിളകളുടെ ഉല്പാദനത്തിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനങ്ങളാണ് പ്രത്യേകിച്ച് നെല്ല്, പയർ വർഗ്ഗങ്ങൾ, പച്ചക്കറി വർഗ്ഗങ്ങൾ എന്നിവ.

പ്രളയത്തിന്റെ അനുരണനങ്ങൾ സെപ്തംബർ മധ്യത്തോടെ തന്നെ ഇന്ത്യ ഒട്ടുക്കും അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിന്റെ രൂപത്തിൽ പ്രതിഫലിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ച് പച്ചക്കറി ഇനങ്ങളുടെ വിലയിൽ - രൂക്ഷമായ വിലക്കയറ്റമാണ് സവാള, ഉള്ളി, തക്കാളി, വെളുത്തുള്ളി എന്നിവയുടെ വിലയിൽ ഉണ്ടായത്. 2015 നു ശേഷമുള്ള ഏറ്റവും രൂക്ഷമായ വിലക്കയറ്റമാണ് സവാളയുടെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഉത്തരേന്ത്യയിൽ മിക്കയിടത്തും ഒരു കിലോ സവാളയ്ക്കു 70-80 രൂപ വരെ വില എത്തി നിൽക്കുന്നു.

ഉത്തരേന്ത്യയിൽ പലപ്പോഴും സർക്കാരുകളുടെ നിലനില്പിനുപോലും ഭീഷണിയാവാൻ തക്ക കരുത്തുള്ള ഒരു കാരണമായി സവാളയുടെ വില മാറാറുണ്ട് . ആയതുകൊണ്ടുതന്നെ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സർക്കാർ സവാളയുടെ കയറ്റുമതി നിരോധിച്ചു. എന്നാൽ ഇത് കാര്യമായ വിലക്കുറവ് വിപണിയിൽ ഉണ്ടാക്കിയിട്ടില്ല.

സാധാരണയായി സപ്തംബറോടുകൂടി മാർക്കറ്റിൽ എത്തേണ്ടിയിരുന്ന പുതിയ സീസണിലെ സവാള ഇതുവരെയായി മാർക്കറ്റിൽ എത്തിയിട്ടില്ലെന്നാണ് വിവരം. ഒക്ടോബർ മധ്യത്തോടെ ഇവ മാർക്കറ്റിൽ എത്തുന്നതോടെ ഒക്ടോബർ അവസാനത്തോടെ വിലയിൽ കുറവ് വരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

ജൂൺ മുതൽ സപ്തംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ മൺസൂൺ മഴയിൽ ഇന്ത്യയിൽ മൊത്തം 110 ശതമാനം മഴ ലഭിച്ചതായാണ് കാലാവസ്ഥ വകുപ്പ് നൽകുന്ന വിവരം തെക്കു പടിഞ്ഞാറൻ കാലവർഷം ഇത്തവണ ഒക്ടോബർ പത്തോടുകൂടി മാത്രമേ പിൻവാങ്ങുകയുള്ളു എന്നാണ് റിപ്പോർട്ട് .കേരളത്തിൽ ഈ കാലയളവിൽ മൊത്തം 14 ശതമാനം മഴ ലഭിച്ചു .ഇടുക്കി, വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും അധിക മഴ ലഭിച്ചിട്ടുണ്ട്.സപ്തംബർ മാസത്തിൽ ഏതാണ്ട് എല്ലാ ജില്ലകളിലും നല്ല തോതിലുള്ള മഴ ലഭിച്ചു.

കേന്ദ്ര കാർഷിക മന്ത്രാലയം 2019-20 ഖരീഫ് സീസണിലെ ഒന്നാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പുറത്തിറക്കി ഇത് പ്രകാരം നെല്ല്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ കുറവ് കാണിക്കുന്നു. വെറും പ്രാഥമിക കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുള്ള റിപ്പോർട്ട് മാത്രമാണിത്. നെല്ലുല്പാദനത്തിൽ ലക്ഷ്യമിട്ടതിലും ഏകദേശം 15 മില്യൺ ടണിന്റെ കുറവ് കാണിക്കുന്നു. പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ ചെറിയൊരു ശതമാനത്തിന്റെ കുറവ് കാണിക്കുന്നു എന്നാൽ പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിന്റെ ഭൂരിഭാഗവും റാബി സീസണിലാണ് ഉത്പാദനം നടക്കുന്നത് എന്നതിനാൽ ഇത് വലിയ കുറവായി കണക്കാക്കേണ്ടതില്ല. എന്നാൽ കർണാടകം,മഹാരാഷ്ട്ര, മധ്യപ്രദേശ്, ഗുജറാത്ത് സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴ കാരണം പയർ വർഗ്ഗങ്ങളിൽ കാര്യമായ വിളനാശം സംഭവിച്ചിട്ടുള്ളതായാണ് റിപ്പോർട്ട് ഇത് ഉത്പാദനത്തെ കാര്യമായി ബാധിക്കാൻ ഇടയുണ്ട്.

എഫ് സി ഐ 2018-19 സീസണിലെ 650 ലക്ഷം മെട്രിക് ടൺ എന്ന റെക്കോർഡ് സംഭരണത്തിന് ശേഷം 2019-20 സീസണിലെ നെല്ല് സംഭരണനടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളിൽ നിന്നായി ഇതുവരെയായി 4.42 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് .കേരളത്തിലും സപ്ലൈകോ സംഭരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് സീസണിലെ മികച്ച സംഭരണം, ഗോഡൗണുകളുടെ ശരിയായ വിനിയോഗത്തിലൂടെ സംരക്ഷിച്ചാൽ അടുത്ത സീസണിൽ ഉണ്ടാവാൻ സാധ്യതയുള്ള ഉല്പാദനക്കുറവിനെയും അതുവഴി ഉണ്ടാവാൻ ഇടയുള്ള വിലവർദ്ധനവിനെയും തടയാൻ സാധിക്കും.

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ നേരിയൊരു വർദ്ധനവിന്റെ പ്രവണത ചില ഇനങ്ങളിൽ ദൃശ്യമായി. എന്നാൽ വലിയ തോതിലിനുള്ള വർദ്ധനവിന് സാധ്യത ഇല്ല . കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ടിൽ നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ 4.58 ശതമാനത്തിന്റെ കുറവ് കാണിക്കുന്നുണ്ടെങ്കിലും നിലവിലുള്ള റെക്കോർഡ് നെല്ല് സംഭരണവും സ്റ്റോക്കും പരിഗണിക്കുമ്പോൾ വലിയ വിലക്കയറ്റത്തിനോ ആശങ്കയ്ക്കോ സാധ്യത കാണുന്നില്ല.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഖാരിഫ് സീസണിലെ കൊയ്ത്തിനുള്ള തയ്യാറെടുപ്പിലാണ് എന്നാൽ കിഴക്കും, തെക്കും സംസ്ഥാനങ്ങളിൽ വൈകി കൃഷി ഇറക്കിയതിനാൽ ഇനിയും കൊയ്ത്ത് ആരംഭിച്ചിട്ടില്ല. ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളിൽ നിന്നും നെല്ല് സംഭരണവും ആരംഭിച്ചിട്ടുണ്ട്.

2019-20-സംഭരണ സീസണിൽ 416 ലക്ഷം ടൺ അരി സംഭരിക്കുന്നതിനായാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ എഫ് സി ഐ യുടെ ഗോഡൗണുകളിൽ 261.48 ലക്ഷം മെട്രിക് ടൺ അരി നീക്കിയിരിപ്പുണ്ട് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 27 ശതമാനം അരി സംഭരണ ശാലകളിൽ സ്റ്റോക്ക് ഉണ്ട്.

നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ അരിയുടെ വിലയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.74 | 38.79 | 39.68 | 2.29 | -0.15 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 39.50 | 39.50 | 0.00 | -10.23 |
| 3 | റോസ് | കിലോഗ്രാം | 39.93 | 39.34 | 40.50 | 2.95 | 1.43 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.36 | 36.70 | 36.89 | 0.52 | 1.46 |
| 5 | ജയ | കിലോഗ്രാം | 36.15 | 36.06 | 36.50 | 1.22 | 0.97 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.98 | 34.23 | 34.75 | 1.52 | 2.27 |



## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ സെപ്തംബറിൽ പയർ വർഗ്ഗങ്ങൾ പൊതുവെ നേരിയൊരു വർദ്ധനവോടെ നിലകൊണ്ടു. ഒക്ടോബർ മാസത്തിലും വില കുറയ്ക്കുന്നതിനുള്ള സാഹചര്യം കാണുന്നില്ല. പ്രധാന ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴ കാരണം വ്യാപകമായ തോതിൽ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.

ഖരീഫ് സീസണിലെ പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ 2.38 ശതമാനത്തിന്റെ കുറവ് കാണിക്കുന്നുണ്ട്. ഉഴുന്ന്, ചെറുപയർ, എന്നിവയുടെ പുതിയ സ്റ്റോക്ക് മാർക്കറ്റിൽ എത്തിക്കൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ട് എന്നാൽ കനത്ത മഴയിൽ ഇതിന്റെ ഗുണത്തിലും അളവിലും കാര്യമായ കുറവുണ്ടായിട്ടുണ്ടെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന വിവരം. കടലയുടെ വിലയിലും വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

കേരളത്തെ പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ഉത്പാദക സംസ്ഥാനങ്ങളിൽ നിന്നും പയർ വർഗ്ഗങ്ങൾ നേരിട്ട് സംഭരിച്ചു സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിനെക്കുറിച്ചുള്ള സാധ്യത ആലോചിക്കാവുന്നതാണ്.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.93 | 95.69 | 95.59 | -0.10 | 11.24 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.60 | 97.71 | 98.84 | 1.16 | 10.31 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 80.77 | 94.94 | 95.70 | 0.80 | 18.48 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.86 | 91.23 | 91.61 | 0.42 | 14.71 |
| 5 | വൻപയർ | കിലോഗ്രാം | 67.29 | 77.54 | 82.48 | 6.37 | 22.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 80.02 | 99.54 | 99.34 | -0.20 | 24.14 |
| 7 | കടല(വലുത്) | കിലോഗ്രാം | 75.02 | 77.26 | 78.45 | 1.54 | 4.57 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 66.17 | 73.68 | 75.25 | 2.13 | 13.72 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 58.64 | 69.52 | 71.02 | 2.16 | 21.11 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.88 | 71.95 | 72.81 | 1.20 | 5.71 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

വർദ്ധിച്ചുകൊണ്ടിരുന്ന പഞ്ചസാരയുടെ വില മാസം മധ്യത്തോടെ സ്ഥിരമായി നിലകൊണ്ടു. ഇനി വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഒക്ടോബറോടുകൂടി വീണ്ടും നേരിയ കുറവുണ്ടാവാനാണ് സാധ്യത.

സാധാരണ ഉത്സവ സീസണിൽ ഇറച്ചിക്കോഴി വില വർധിക്കാറുണ്ടെങ്കിലും ഈ ഓണക്കാലത്തു വിലയിൽ വർദ്ധനവുണ്ടായില്ല. എന്നാൽ മാസം മധ്യത്തോടുകൂടി വിലയിൽ വർദ്ധനവ് ദൃശ്യമായി. എന്നാൽ വില വീണ്ടും കുറയുവാനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള വിവരം .

കോഴിമുട്ടയുടെ വിലയിലും മാസം മധ്യത്തോടെ വിലക്കയറ്റം ദൃശ്യമായി. ഒക്ടോബർ മധ്യത്തോടെ വില സ്ഥിരത നിലനിർത്തുന്നതിനും നവംബർ മധ്യത്തോടെ വീണ്ടും വില വർദ്ധനവിനുമുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.31 | 38.38 | 39.25 | 2.27 | 2.45 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 149.33 | 155.38 | 155.58 | 0.13 | 4.19 |
| 3 | ശർക്കര | കിലോഗ്രാം | 53.69 | 54.27 | 55.89 | 2.99 | 4.10 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 49.60 | 51.34 | 51.18 | -0.31 | 3.19 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 545.24 | 578.57 | 581.79 | 0.56 | 6.70 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 88.49 | 97.97 | 98.56 | 0.60 | 11.38 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.26 | 147.56 | 147.68 | 0.08 | 0.29 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 162.54 | 162.62 | 0.05 | 0.62 |



## IV. എണ്ണയും എണ്ണക്കുരുക്കളും

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ അവലോകനമാസമായ സെപ്തംബറിൽ പൊതുവെ ഒരു വിലക്കയറ്റം ദൃശ്യമായിരുന്നു.

എന്നാൽ മാസാവസാനം സ്ഥിരത നിലനിർത്തുന്നതിനുള്ള പ്രവണത ശ്രദ്ധയിൽപെട്ടു. ഒക്ടോബറിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ സ്ഥിരത നിലനിർത്താൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുമുള്ള സൂചന.

ശബരിമല സീസൺ തുടങ്ങുന്നതോടെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വില വീണ്ടും വർദ്ധിക്കാൻ ഇടയുണ്ട് മറ്റ് എണ്ണ ഇനങ്ങളുടെ വില ഏതാണ്ട് സ്ഥിരത നില നിർത്തി

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 197.26 | 179.96 | 186.80 | 3.80 | -5.30 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 154.42 | 158.00 | 156.00 | -1.27 | 1.02 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 96.25 | 98.15 | 99.25 | 1.12 | 3.12 |
| 4 | നല്ലെണ്ണ | ലിററർ | 184.76 | 215.86 | 212.27 | -1.66 | 14.89 |
| 5 | കടുക് എണ്ണ | ലിററർ | 142.07 | 135.75 | 132.00 | -2.76 | -7.09 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 96.40 | 99.10 | 98.50 | -0.61 | 2.18 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 97.06 | 98.27 | 99.54 | 1.29 | 2.56 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 186.33 | 174.56 | 184.50 | 5.69 | -0.98 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ സെപ്തംബറിൽ മുളക്, വെളുത്തുള്ളി എന്നിവയുടെ വിലയിലാണ് കാര്യമായ വിലക്കയറ്റം ദൃശ്യമായത്. കഴിഞ്ഞ മാസങ്ങളിലേത് പോലെത്തന്നെ അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള ഡിമാന്റ് വർദ്ധിച്ചതും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചതുമാണ് വില വർദ്ധനവിന് കാരണമെന്നാണ് സൂചന. കനത്ത മഴ ഉണ്ടായെങ്കിലും മുളക് കൃഷിയിൽ കാര്യമായ നാശം ഉണ്ടായില്ലെന്നാണ് റിപ്പോട്ടുകൾ സൂചിപ്പിക്കുന്നത് . പുതിയ വിളകളുടെ വരവ് മാർക്കറ്റിൽ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതലായി എത്തുന്നതോടെ വിലക്കുറവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷ. ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ മുളകിന്റെ കാർഷിക വിസ്തൃതിയിൽ ഈ വർഷമേ ഇതുവരെ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണു റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

വെളുത്തുള്ളിയുടെ വിലയിൽ വിലക്കുറവിനുള്ള യാതൊരു സാധ്യതയും കാണുന്നില്ല. ഉല്പാദനത്തിലെ കുറവും ഡിമാന്റ് വർദ്ധിച്ചതുമാണ് തുടർച്ചയായ വിലക്കയറ്റത്തിന് കാരണം.

കുരുമുളകിന്റെ വില ഏതാണ്ട് സ്ഥിരത നില നിർത്തി. ഇന്ത്യ ഒഴികെയുള്ള രാജ്യങ്ങളിൽ ഉത്പാദനം വർധിച്ചതുകാരണം വില ഇനിയും കുറയാനാണു സാധ്യത എന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **83.19** | **102.74** | **101.57** | **-1.14** | **22.09** |
| 2 | മുളക് | കിലോഗ്രാം | **126.05** | **143.71** | **160.84** | **11.92** | **27.60** |
| 3 | ഉള്ളി | കിലോഗ്രാം | **38.48** | **60.99** | **58.68** | **-3.79** | **52.49** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **163.69** | **140.17** | **143.79** | **2.58** | **-12.16** |
| 5 | ജീരകം | 100 ഗ്രാം | **29.67** | **30.01** | **29.89** | **-0.40** | **0.74** |
| 6 | കടുക് | 100 ഗ്രാം | **8.98** | **9.59** | **9.57** | **-0.21** | **6.57** |
| 7 | ഉലുവ | 100 ഗ്രാം | **9.46** | **10.01** | **10.14** | **1.30** | **7.19** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.23** | **18.84** | **18.54** | **-1.59** | **1.70** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **6.74** | **12.86** | **15.55** | **20.92** | **130.71** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **470.51** | **417.51** | **414.90** | **-0.63** | **-11.82** |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകന മാസമായ സെപ്തംബറിൽ കിഴങ്ങു വർഗ്ഗങ്ങളിൽ കാര്യമായ വിലക്കയറ്റം ദൃശ്യമായില്ല എന്നതാണ് വസ്തുത.സാധാരണ ഓണ നാളുകളിൽ കാരറ്റ്,ബീറ്റ്റൂട്ട് ചേന ഉൾപ്പെടെയുള്ള കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും ഈ വർഷം കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപെട്ടില്ല.

കാരറ്റിന് കഴിഞ്ഞ മാസത്തെ അപേക്ഷിച്ചു വിലയിൽ കാര്യമായ കുറവുണ്ടായി. ചേന, ചേമ്പ് എന്നിവയുടെ വിലയിലും ഈ കാലയളവിൽ കുറവ് രേഖപ്പെടുത്തി.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.48 | 37.26 | 35.30 | -5.26 | 2.38 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.05 | 26.77 | 27.25 | 1.79 | 8.78 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 32.45 | 28.69 | 28.98 | 1.01 | -10.69 |
| 4 | ചേമ്പ് | കിലോഗ്രാം | 54.40 | 73.43 | 70.12 | -4.51 | 28.90 |
| 5 | ബീററൂട്ട് | കിലോഗ്രാം | 30.69 | 42.13 | 43.27 | 2.71 | 40.99 |
| 6 | കാരററ് | കിലോഗ്രാം | 55.26 | 60.79 | 52.36 | -13.87 | -5.25 |



## VII. പച്ചക്കറി ഇനങ്ങൾ

ഓണത്തോട് അനുബന്ധിച്ചു സർക്കാർ വിപണിയിൽ നടത്തിയ ഇടപെടൽ പച്ചക്കറികളുടെ വിലയിൽ, പ്രളയം ഉൾപ്പെടെയുള്ള വിപരീത പരിതസ്ഥിതിയിലും കാര്യമായ വിലക്കയറ്റമില്ലാതെ പിടിച്ചു നിർത്തുന്നതിനു സഹായിച്ചിട്ടുണ്ട്. എന്നാൽ മാസം മധ്യത്തോടെ സവാള, വെള്ളരി, തക്കാളി എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി, ഏത്തപ്പഴത്തിന്റെ വില മാസാരംഭത്തിൽ വർദ്ധനവുണ്ടായെങ്കിലും ഓണത്തിന് ശേഷം കുറവ് ദൃശ്യമായി.

ഉത്പാദക സംസ്ഥാനങ്ങളിലുണ്ടായ കനത്ത മഴ കാരണം വിള നാശം ഉണ്ടായതുകൊണ്ടാണ് സവാളയുടെയും തക്കാളിയുടെയും വിലയിലുണ്ടായ വർദ്ധനവിന് കാരണം.സവാളയുടെ ഉല്പാദനത്തിൽ കാര്യമായ കുറവുണ്ടായതായാണ് റിപ്പോർട്ട്. കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് പകുതി മാത്രമാണ് സവാള മാർക്കറ്റിൽ ലഭ്യമായതെന്നാണ് റിപ്പോർട്ട്.

ഒക്ടോബർ മധ്യത്തോടെ പുതിയ സീസണിലെ സ്റ്റോക്ക് എത്തുന്നതോടെ സവാളയുടെ വില കുറയാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. എങ്കിലും പെട്ടെന്ന് കാര്യമായ ഒരു കുറവ് പ്രതീക്ഷിക്കുന്നില്ല. തക്കാളിയുടെ വിലയും ഒക്ടോബർ മധ്യത്തോടെ കുറയാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 19.98 | 30.66 | 44.80 | 46.12 | 124.22 |
| 2 | വഴുതന | കിലോഗ്രാം | 32.95 | 34.73 | 36.71 | 5.70 | 11.41 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.38 | 21.91 | 22.86 | 4.34 | 12.17 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.29 | 21.93 | 34.96 | 59.42 | 64.21 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.86 | 35.43 | 35.25 | -0.51 | 7.27 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 37.19 | 55.01 | 57.93 | 5.31 | 55.77 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 53.02 | 55.94 | 55.89 | -0.09 | 5.41 |
| 8 | കാബേജ് | കിലോഗ്രാം | 28.21 | 37.06 | 33.38 | -9.93 | 18.33 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.55 | 47.31 | 48.05 | 1.56 | -4.95 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.81 | 22.24 | 24.48 | 10.07 | 2.81 |
| 11 | പടവലങ്ങ | കിലോഗ്രാം | 35.71 | 36.31 | 40.14 | 10.55 | 12.41 |
| 12 | തക്കാളി | കിലോഗ്രാം | 19.48 | 30.73 | 25.66 | -16.50 | 31.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.73 | 5.07 | 5.33 | 5.13 | 12.68 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 44.81 | 40.56 | 53.82 | 32.69 | 20.11 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.57 | 38.09 | 38.21 | 0.32 | 17.32 |



## VIII. പഴവർഗ്ഗങ്ങൾ

അവലോകന മാസമായ സെപ്തംബറിൽ പഴവർഗ്ഗങ്ങളും വിലയിൽ പൊതുവെ സമ്മിശ്രമായ ഒരു പ്രവണതയാണ് ദൃശ്യമായത്. കനത്ത മഴയും വെള്ളപ്പൊക്കവും കാരണം കൃഷിയിലുണ്ടായ നാശവും ഓണം സീസണും കാരണം ഏത്തപ്പഴത്തിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായിരുന്നു . എന്നാൽ മാസം മധ്യത്തോടെ വിലയിൽ കുറവ് വന്നു. ഒക്ടോബറിൽ നേരിയൊരു കുറവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

അതെസമയം കഴിഞ്ഞ ഏതാനും മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന വാഴപ്പഴങ്ങളുടെ വില ഏതാണ്ട് സ്ഥിരത നിലനിർത്തുകയും മാസാവസാനം ചെറിയൊരു വിലക്കുറവ് ദൃശ്യമാവുകയും ചെയ്തു. ഒക്ടോബറിലും നേരിയൊരു വിലക്കുറവ് തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. എന്നാൽ കാര്യമായ ഒരു വിലക്കുറവിനു സാധ്യത കാണുന്നില്ല

.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 73.07 | 111.20 | 93.83 | -15.62 | 28.41 |
| 2 | മുസമ്പി | കിലോഗ്രാം | 53.85 | 69.72 | 74.96 | 7.52 | 39.20 |
| 3 | മാതളം | കിലോഗ്രാം | 90.21 | 112.67 | 118.65 | 5.31 | 31.53 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 115.67 | 137.15 | 110.52 | -19.42 | -4.45 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.35 | 49.78 | 62.57 | 25.69 | 21.85 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 35.38 | 46.79 | 46.29 | -1.07 | 30.84 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 68.05 | 76.77 | 74.68 | -2.72 | 9.74 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 54.56 | 62.55 | 64.24 | 2.70 | 17.74 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.83 | 37.31 | 36.54 | -2.06 | 26.74 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 119.90 | 105.20 | 113.26 | 7.66 | -5.54 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 30.29 | 24.55 | 25.34 | 3.22 | -16.34 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 87.14 | 111.46 | 98.01 | -12.07 | 12.47 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 87.39 | 93.45 | 81.59 | -12.69 | -6.64 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസമായ സെപ്തംബറിലും കാര്യമായ വില വ്യതിയാനങ്ങൾ ഇല്ലാതെ സിമന്റിന്റെയും സ്റ്റീലിന്റെയും വില തുടർന്നു. നോട്ട് നിരോധനത്തെ തുടർന്ന് നിർമ്മാണ മേഖലയിലുള്ള മാന്ദ്യവും, സാമ്പത്തിക പ്രതിസന്ധിയും കാരണം ഒക്ടോബറിലും ഈ നിലയിൽ കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. സിമന്റിന്റെ വില ഏതാണ്ട് നാനൂറിനടുത്തായി നിലകൊള്ളുകയാണ്.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.00** | **20.00** | **0.00** | **0.00** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **28.05** | **28.40** | **27.23** | **-4.12** | **-2.92** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **497.78** | **495.00** | **495.00** | **0.00** | **-0.56** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **403.54** | **394.97** | **397.57** | **0.66** | **-1.48** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **397.92** | **389.26** | **391.86** | **0.67** | **-1.52** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **55.61** | **51.11** | **49.64** | **-2.88** | **-10.74** |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.74 | 38.79 | 39.68 | 2.29 | -0.15 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 39.50 | 39.50 | 0.00 | -10.23 |
| 3 | റോസ് | കിലോഗ്രാം | 39.93 | 39.34 | 40.50 | 2.95 | 1.43 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.36 | 36.70 | 36.89 | 0.52 | 1.46 |
| 5 | ജയ | കിലോഗ്രാം | 36.15 | 36.06 | 36.50 | 1.22 | 0.97 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.98 | 34.23 | 34.75 | 1.52 | 2.27 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 85.93 | 95.69 | 95.59 | -0.10 | 11.24 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.60 | 97.71 | 98.84 | 1.16 | 10.31 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 80.77 | 94.94 | 95.70 | 0.80 | 18.48 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.86 | 91.23 | 91.61 | 0.42 | 14.71 |
| 5 | വൻപയർ | കിലോഗ്രാം | 67.29 | 77.54 | 82.48 | 6.37 | 22.57 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 80.02 | 99.54 | 99.34 | -0.20 | 24.14 |
| 7 | കടല(വലുത്) | കിലോഗ്രാം | 75.02 | 77.26 | 78.45 | 1.54 | 4.57 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 66.17 | 73.68 | 75.25 | 2.13 | 13.72 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 58.64 | 69.52 | 71.02 | 2.16 | 21.11 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.88 | 71.95 | 72.81 | 1.20 | 5.71 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.31 | 38.38 | 39.25 | 2.27 | 2.45 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 149.33 | 155.38 | 155.58 | 0.13 | 4.19 |
| 3 | ശർക്കര | കിലോഗ്രാം | 53.69 | 54.27 | 55.89 | 2.99 | 4.10 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 49.60 | 51.34 | 51.18 | -0.31 | 3.19 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 545.24 | 578.57 | 581.79 | 0.56 | 6.70 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 88.49 | 97.97 | 98.56 | 0.60 | 11.38 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.26 | 147.56 | 147.68 | 0.08 | 0.29 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 162.54 | 162.62 | 0.05 | 0.62 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 197.26 | 179.96 | 186.80 | 3.80 | -5.30 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 154.42 | 158.00 | 156.00 | -1.27 | 1.02 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 96.25 | 98.15 | 99.25 | 1.12 | 3.12 |
| 4 | നല്ലെണ്ണ | ലിററർ | 184.76 | 215.86 | 212.27 | -1.66 | 14.89 |
| 5 | കടുക് എണ്ണ | ലിററർ | 142.07 | 135.75 | 132.00 | -2.76 | -7.09 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 96.40 | 99.10 | 98.50 | -0.61 | 2.18 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 97.06 | 98.27 | 99.54 | 1.29 | 2.56 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 186.33 | 174.56 | 184.50 | 5.69 | -0.98 |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 83.19 | 102.74 | 101.57 | -1.14 | 22.09 |
| 2 | മുളക് | കിലോഗ്രാം | 126.05 | 143.71 | 160.84 | 11.92 | 27.60 |
| 3 | ഉള്ളി | കിലോഗ്രാം | 38.48 | 60.99 | 58.68 | -3.79 | 52.49 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 163.69 | 140.17 | 143.79 | 2.58 | -12.16 |
| 5 | ജീരകം | 100 ഗ്രാം | 29.67 | 30.01 | 29.89 | -0.40 | 0.74 |
| 6 | കടുക് | 100 ഗ്രാം | 8.98 | 9.59 | 9.57 | -0.21 | 6.57 |
| 7 | ഉലുവ | 100 ഗ്രാം | 9.46 | 10.01 | 10.14 | 1.30 | 7.19 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.23 | 18.84 | 18.54 | -1.59 | 1.70 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 6.74 | 12.86 | 15.55 | 20.92 | 130.71 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 470.51 | 417.51 | 414.90 | -0.63 | -11.82 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.48 | 37.26 | 35.30 | -5.26 | 2.38 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 25.05 | 26.77 | 27.25 | 1.79 | 8.78 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 32.45 | 28.69 | 28.98 | 1.01 | -10.69 |
| 4 | ചേമ്പ് | കിലോഗ്രാം | 54.40 | 73.43 | 70.12 | -4.51 | 28.90 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 30.69 | 42.13 | 43.27 | 2.71 | 40.99 |
| 6 | കാരററ് | കിലോഗ്രാം | 55.26 | 60.79 | 52.36 | -13.87 | -5.25 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 19.98 | 30.66 | 44.80 | 46.12 | 124.22 |
| 2 | വഴുതന | കിലോഗ്രാം | 32.95 | 34.73 | 36.71 | 5.70 | 11.41 |
| 3 | മത്തങ്ങ | കിലോഗ്രാം | 20.38 | 21.91 | 22.86 | 4.34 | 12.17 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 21.29 | 21.93 | 34.96 | 59.42 | 64.21 |
| 5 | വെണ്ടക്ക | കിലോഗ്രാം | 32.86 | 35.43 | 35.25 | -0.51 | 7.27 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 37.19 | 55.01 | 57.93 | 5.31 | 55.77 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 53.02 | 55.94 | 55.89 | -0.09 | 5.41 |
| 8 | കാബേജ് | കിലോഗ്രാം | 28.21 | 37.06 | 33.38 | -9.93 | 18.33 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.55 | 47.31 | 48.05 | 1.56 | -4.95 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 23.81 | 22.24 | 24.48 | 10.07 | 2.81 |
| 11 | പടവലങ്ങ | കിലോഗ്രാം | 35.71 | 36.31 | 40.14 | 10.55 | 12.41 |
| 12 | തക്കാളി | കിലോഗ്രാം | 19.48 | 30.73 | 25.66 | -16.50 | 31.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.73 | 5.07 | 5.33 | 5.13 | 12.68 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 44.81 | 40.56 | 53.82 | 32.69 | 20.11 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.57 | 38.09 | 38.21 | 0.32 | 17.32 |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2018 | ആഗസ്ത് 2019 | സപ്തംബർ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 73.07 | 111.20 | 93.83 | -15.62 | 28.41 |
| 2 | മുസമ്പി | കിലോഗ്രാം | 53.85 | 69.72 | 74.96 | 7.52 | 39.20 |
| 3 | മാതളം | കിലോഗ്രാം | 90.21 | 112.67 | 118.65 | 5.31 | 31.53 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 115.67 | 137.15 | 110.52 | -19.42 | -4.45 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 51.35 | 49.78 | 62.57 | 25.69 | 21.85 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 35.38 | 46.79 | 46.29 | -1.07 | 30.84 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 68.05 | 76.77 | 74.68 | -2.72 | 9.74 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 54.56 | 62.55 | 64.24 | 2.70 | 17.74 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.83 | 37.31 | 36.54 | -2.06 | 26.74 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 119.90 | 105.20 | 113.26 | 7.66 | -5.54 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 30.29 | 24.55 | 25.34 | 3.22 | -16.34 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 87.14 | 111.46 | 98.01 | -12.07 | 12.47 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 87.39 | 93.45 | 81.59 | -12.69 | -6.64 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.00 | 20.00 | 0.00 | 0.00 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.05 | 28.40 | 27.23 | -4.12 | -2.92 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 497.78 | 495.00 | 495.00 | 0.00 | -0.56 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 403.54 | 394.97 | 397.57 | 0.66 | -1.48 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 397.92 | 389.26 | 391.86 | 0.67 | -1.52 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.61 | 51.11 | 49.64 | -2.88 | -10.74 |